# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2629  09.03.2017 ൽ മറുപടിക്ക്**

## ചെറുകുളങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ: | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകുളങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വിശദീകരിക്കാമോ; | (എ) | നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നല്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച്, കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജല സേചന വകുപ്പിന്റെ നേതൃത്വത്തിൽ MGNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവർത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നല്കിയിട്ടുണ്ട്. |
| (ബി) | സ്വകാര്യ വസ്തുവിലെ കുളങ്ങൾ വൃത്തിയോടെ സംരക്ഷിക്കുന്നതിനും ജല സംരക്ഷണം ഉറപ്പാക്കുന്നതിനും വേണ്ടി പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുമോ; | (ബി) | ജലസേചന വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ MGNREGS പദ്ധതിയുടെ കീഴിൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സർക്കാർ ഭൂമിയിലെ ചെറുകുളങ്ങളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഇവയെ കയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിച്ച് പരിസ്ഥിതി സൗഹൃദമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | പൊതു, സ്വകാര്യ ക്ഷേത്രം വക കുളങ്ങളുടെ വിവര ശേഖരണം ചീഫ് എഞ്ചിനീയർ, I.D.R.B നടത്തിയിട്ടുണ്ട്. പൊതു കുളങ്ങളുടെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ റവന്യൂ വകുപ്പിനെ അറിയിക്കാറുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുളങ്ങളുടെ നവീകരണം പരിസ്ഥിതി സൗഹാർദ്ദപരമായാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**